പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *205 — 18. 03. 2015 ൽ മറുപടിക്ക്

## വൈദ്യുതി ബിൽ - ഓൺലൈൻ സംവിധാനം

ചോദ്യം — ഉത്തരം

ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. പാലോട് രവി
" ബ്രഡി ബ്രയിസ്
" എം.പി. വിൻസെന്റ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്ന-നതിനുള്ള സംവിധാനം ആരംഭി ച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) | വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം തുടക്കത്തിൽ ലഭ്യമാക്കിയത്. വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23.04.2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത്, അക്കൗണ്ട് തുടങ്ങി, ബില്ലുകൾ തിരഞ്ഞെടുത്ത് ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള നൂതന സംവിധാനം ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കി വരുകയാണ്. |
| (ബി) | പ്രസ്തുത സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ വിശദമാക്കമോ; | (ബി) | കെ.എസ്.ഇ.ബി യുടെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി |

| | | | |
|---|---|---|---|
| | | | ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പരിലോ, ഇ-മെയിൽ വിലാസത്തിലോ ലഭിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പരിലേയും പണം അടയ്ക്കാനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും കഴിയും. കൂടാതെ, ഈ സംവിധാനത്തിൽ മുൻ കാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും അറിയാൻ കഴിയും. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദ മാക്കാമോ; | (സി) | കെ.എസ്.ഇ.ബി.എൽ നു വേണ്ടി ടെക്ക് പ്രോസസ്സ്, കാനറ ബാങ്ക്/പെയു എന്നീ സ്ഥാപനങ്ങളാണ് നെറ്റ് ബാങ്കിംഗ് മുഖേനയും ക്രെഡിറ്റ്-ഡെബിറ്റ് കാർഡുകൾ വഴിയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനു വേണ്ടിയുള്ള പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ സംവിധാനത്തിൽ കൂടി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനത്തിൽ സഹകരിക്കുന്നു. കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഡയറക്ട് നെറ്റ് ബാങ്കിംഗ് വഴി ഓൺലൈനായി പണമടയ്ക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സർവ്വീസ് ചാർജ്ജ് നൽകാതെ തന്നെ വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഈ സംവിധാനം കൂടുതൽ ബാങ്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ സംവിധാനം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (ഡി) | വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകിവരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്വയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വൈദ്യുതി ബോർഡ് ചെയർമാൻ നേരിട്ടു തന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടു തവണ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ